# ഉണർവ്വ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## (L P,UP &HS)

## 2025 -2026


**ഗവ: ഹൈസ്കൂൾ ,കാപ്പ്**

**തേലക്കാട് പി .ഒ**

**മലപ്പുറം ജില്ല. 679325**

# അക്കാദമിക് മാസ്റ്റർ പ്ലാൻ  2025--2026

## ആമുഖം

വിദ്യാഭ്യാസലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പഠന തന്ത്രങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്ന സുപ്രധാനരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇതൊരു അധ്യയന വർഷത്തേക്കുള്ള പ്രവർത്തനങ്ങളുടെ രൂപരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ചേർന്ന് ഒരു ഒരു പൊതുലക്ഷത്തിനായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

## കാഴ്ചപ്പാട്

2025-2026  അക്കാദമിക മികവിനായുള്ള തയ്യാറെടുപ്പിന്റെ ഉൽപ്പന്നമാണ്  ഈ  മാസ്റ്റർ പ്ലാൻ. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുടെ മെച്ചപ്പെടുത്തുന്നതിനുംഅധ്യാപകരെ സഹായിക്കുന്നതിനും വിദ്യാർത്ഥികളെ മുഴുവൻ പഠനപ്രക്രിയയിൽ പങ്കാളികളാക്കുന്നതിനും വേണ്ടിയാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പാഠ്യപദ്ധതി   ലക്ഷ്യമിടുന്ന ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാനും ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സാധിക്കും. സാമൂഹിക മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ ഒരുക്കാനും മികച്ച വിദ്യാഭ്യാസ മികവ് ഉണ്ടാക്കുവാനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് സാധിക്കും. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെയും ചിട്ടയോടെയുമാണ് മാസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ഇത് വിദ്യാലയത്തിന്റെ ലക്ഷ്യങ്ങളും അക്കാദമിക കാഴ്ചപ്പാടും ഉയർത്തുന്നതിനും സാധിക്കും.

## ലക്ഷ്യങ്ങൾ

*പാഠ്യ പാഠ്യേതരം മികവുകൾ നിലനിർത്തി വിദ്യാലയ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുക.

* പഠന പ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകവും സർഗാത്മകവും ആക്കി മാറ്റുക.

* അക്കാദമിക മികവ് ഉറപ്പാക്കുന്നതിന് ഭൗതിക സാഹചര്യം ഒരുക്കുക.

* പാഠ്യ പ്രവർത്തനങ്ങളെ ജീവിതഗന്ധിയാക്കി മാറ്റുക.

* സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുക.

* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്ക് തിരിച്ചറിയുകയും അവയെ സൗകര്യപ്രദമായി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

മുഴുവൻ അധ്യാപകരെയും ഉൾപ്പെടുത്തി SRG യിൽ സമഗ്രവും വ്യക്തവുമായ മാസ്റ്റർ പ്ലാൻ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി. ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ആകുമെന്ന് ചർച്ച ചെയ്തു. കുട്ടികൾക്ക് ഗുണകരമായി ആർജ്ജിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. പഠന നേട്ടങ്ങൾക്ക് പുറമേ കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയെ പ്രതിനിധാനം ചെയ്യുന്ന പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# വിദ്യാലയത്തെക്കുറിച്ച്

മലപ്പുറം ജില്ലയിലെ വണ്ടൂർ വിദ്യാഭ്യാസ ജില്ലയിൽ മേലാറ്റൂർ ഉപജില്ലയിൽ വെട്ടത്തൂർ പഞ്ചായത്തിലാണ് കാപ്പു ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.

1919 ൽ LP സ്കൂൾ ആയി ആരംഭിച്ച 1958 ൽ UP സ്കൂളായും 2013-2014 ഹൈസ്കൂളായും ഉയർത്തപ്പെട്ട വിദ്യാലയമാണ് ഗവൺമെന്റ് ഹൈസ്കൂൾ കാപ്പ്. പ്രീ പ്രൈമറി മുതൽ ഹൈസ്കൂൾ വരെ 1138 വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കുന്നുണ്ട്. 47 സ്ഥിരം അധ്യാപകരും 3 ദിവസ വേതനക്കാരും 5 ഓഫീസ് സ്റ്റാഫും ഈ വിദ്യാലയത്തിൽ ജോലി ചെയ്യുന്നുണ്ട്. പ്രീ പ്രൈമറി തലത്തിൽ 4 അധ്യാപകരും രണ്ട് ആയമ്മാരും ആണ് ഉള്ളത്. രണ്ട് ക്യാമ്പസുകളിൽ ആയിട്ടാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള ക്ലാസുകൾ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആറു മുതൽ 10 വരെയുള്ള ക്ലാസുകൾ മെയിൻ ക്യാമ്പസിലും പ്രവർത്തിക്കുന്നു.

അക്കാദമിക മികവിനായി ഈ വർഷം സ്കൂൾ ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ

* ഭാഷാ ശേഷി വികസനം ( അറബി, മലയാളം,, ഹിന്ദി)

* ഗണിതം അടിസ്ഥാനശേഷികൾ നേടിയെടുക്കൽ

* സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ശ്രദ്ധ, വിജയസ്പർശം കാര്യക്ഷമമായി നടപ്പിലാക്കൽ

* വായന പരിപോഷണ പ്രവർത്തനങ്ങൾ

* ക്ലബ്ബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

*സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം വർധിപ്പിക്കുന്നതിനായി ഇംഗ്ലീഷ് എൻട്രിച്ച്മെന്റ് പ്രോഗ്രാം സ്കൂളിൽ നടപ്പാക്കി വരുന്നു

## മികവുകൾ

* മികച്ച ഐടി ലാബ് സൗകര്യം
* ലൈബ്രറി
* സ്മാർട്ട് ക്ലാസ് റൂമുകൾ
* പ്രത്യേക പഠന പിന്തുണ  അർഹിക്കുന്ന കുട്ടികൾക്ക് സ്പെഷ്യലിസ്റ്റ് ടീച്ച്ഴ്സിന്റെ സേവനം
*JRC
*LIttle Kites
* വിവിധ  ക്ലബ്ബുകൾ
* ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം വർധിപ്പിക്കുന്നതിനായി English Enhansment Programme
* കായിക മികവിന് പ്രത്യേക പരിശീലനം
* സ്കൂൾ ബസ്
* കലാകായിക മേഖലകളിലെ മികച്ച പങ്കാളി
*LSS, USS, NMMS മത്സരപരീക്ഷകളിൽ ഉന്നത വിജയം

## സമഗ്ര ഗുണമേന്മ വർഷം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ ലക്ഷ്യം.. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിൽ കുറെക്കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം സമഗ്ര ഗുണമേന്മ വർഷമായി പരിഗണിക്കുന്നത്. പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആർജിച്ച് മുന്നേറണം.

കുട്ടിയുടെ സമഗ്ര വികാസത്തിൽ അവന്റെ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക, ബൗദ്ധിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിന് അനുഗുണമായ വളർച്ചയുമാണ് ലക്ഷ്യം വെക്കുന്നത്.. കേവലം വിവരങ്ങളുടെ ശേഖരവും അറിവിന്റെ ഉത്പാദനവുമായി വിദ്യാഭ്യാസത്തെ പരിമിതപ്പെടുത്തരുത്.

പഠനം എന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യം ഇടേണ്ട ഒന്നല്ല. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ചൊക്കെയുള്ള അവബോധം കൂടിയാണ് കുട്ടിയിൽ ഉണ്ടാകേണ്ടത്. അഭിമാനിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാകേണ്ടത് പൊതുവിദ്യാലയങ്ങളിൽ നിന്നാlkണ്. സമൂഹത്തിൽ കാണുന്ന പല തെറ്റായ പ്രവണതകൾക്കെതിരെയും നിലകൊള്ളാനുള്ള കരുത്ത് കുട്ടിയിൽ ഉണ്ടാക്കിയെടുക്കുന്നതിൽ വിദ്യാലയങ്ങൾക്ക് പങ്കുണ്ട് സ്കൂൾ വിദ്യാഭ്യാസത്തിലൂടെ ഇതെല്ലാം ആർജ്ജിക്കണം എന്നതാണ് സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഈ കാലത്ത് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതുണ്ട് ലഹരി എന്ന മഹാവിപത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച്, വ്യായാമം,കായികക്ഷമത, നല്ല ആരോഗ്യ ശീലങ്ങൾ തുടങ്ങിയവയെല്ലാം കുട്ടി വിദ്യാഭ്യാസകാലയളവിൽ നേടിയെടുക്കേണ്ടതാണ്.

അതോടൊപ്പം ഈ വർഷം 3, 5,8 എന്നീ ക്ലാസ്സുകളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങളും സ്കൂളിൽ സജ്ജീകരിക്കേണ്ടതുണ്ട്. കുട്ടികളിലെ പഠന വിടവ് നികത്തി അവരെ കൂടി മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുക എന്നതാണ് നമ്മുടെ സ്കൂൾ ഈ വർഷം മുന്നോട്ട് വയ്ക്കുന്ന പ്രധാന അക്കാദമിക ലക്ഷ്യങ്ങളിൽ ഒന്ന്.
...

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## L P

# MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 🌸<br>ഒന്നാംക്ലാസിലെഎല്ലാകുട്ടികളെയുംഎഴുതാനുംവായിക്കാനുംസ്വയംവ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുംകഴിവുള്ളവരാക്കുക.<br>🌸<br>എല്ലാകുട്ടികളെയുംലളിതമായ ബാലസാഹിത്യകഥകൾ / കൃതികൾ വായിച്ച്ആശയംപങ്കിടാൻ കഴിവുള്ളവരാക്കുക.<br>🌸<br>എല്ലാകുട്ടികളുംസ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെസഹായം ഇല്ലാതെലഘുവാക്യങ്ങളിൽ എഴുതിപ്രകടിപ്പിക്കുന്ന | സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.<br>🌸സചിത്രഡയറി, സംയുക്തഡയറിഎന്ന ആശയംരക്ഷിതാക്കളെബോധ്യപ്പെടുത്തുക.<br>🌸അക്കാദമിമാസ്റ്റർ പ്ലാൻ അവതരണം<br>🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.<br>🌸താളാത്മകമായിചെറു കവിതകൾ ചൊല്ലൽ.<br><br>🌸സംയുക്ത ഡയറിഎഴുതാൻ സഹായംഒരുക്കൽ.<br>🌸കുട്ടിക്ക്കഥ പറയാൻ അവസരംഒരുക്കൽ. | ജൂൺ | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| തിനുള്ള<br>കഴിവ്നേടുമെന്ന്ഉറപ്പു<br>വരുത്തുക.<br>🌸<br>രക്ഷിതാവിന്റെയും<br>അധ്യാപികയുടെയും<br>സഹായത്തോടെവിവി<br>ധ വ്യവഹാര<br>രൂപങ്ങളിൽ<br>ഏർപ്പെടൽ, അവ<br>നവമാധ്യമങ്ങളിൽ<br>പങ്കിടൽ.<br>🌸 ലളിതമായ വായന<br>കാർഡുകൾ<br>നിർമ്മിക്കുന്നു,<br>വായിക്കുന്നു.<br>🌸<br>കുട്ടികളെഎഴുത്തി<br>ന്റെലോകത്തേക്ക്എ<br>ത്തിക്കുന്നതിനായുള്ള<br>ലഘുരചന<br>ശില്പശാലകൾ<br>നടത്തുന്നു.<br>🌸 തീയറ്റർ<br>സാധ്യതകൾ വായന<br>കേളികൾ എന്നിവ<br>ഉപയോഗിച്ച്വായനയി | 🌸വായന മൂല,<br>ക്ലാസ്സ്ലൈബ്രറിഒരുക്കൽ.<br>🌸<br>രക്ഷിതാവിന്റെസഹായ<br>ത്തോടെസംയുക്ത<br>ഡയറിഎഴുതുന്നു.<br>🌸പുസ്തകങ്ങൾ<br>തൊട്ടറിയാനുംനിരന്തരംഎ<br>ടുത്തു<br>നോക്കാനുംഅവസരംഒരു<br>ക്കുന്നു.<br>🌸 ചെറിയ കഥകൾ<br>കേൾക്കാൻ<br>അവസരംഒരുക്കുന്നു.<br>🌸അക്ഷരപ്പാട്ടുകൾ<br>നൽകിആവർത്തിച്ചുവരുന്ന<br>അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>🌸ചിത്ര<br>വായനയ്ക്ക്അവസരംഒരു<br>ക്കുന്നു.<br>വാചികമായിപറയാനുംഅവ<br>സരംനൽകുന്നു.<br><br>🌸റീഡേഴ്സ്തിയേറ്റർ,<br>നിർമ്മാണ ശില്പശാല,<br>പാട്ടരങ്ങ്, | ജൂലൈ | ക്ലാസ്<br>അദ്ധ്യാപി<br>ക | ക്ലാസ്<br>അദ്ധ്യാപിക, പി |

| | | | | |
|---|---|---|---|---|
| ലേക്ക്കുട്ടികളെആകൃഷ്ടരാക്കുന്നു.<br>🌸 ലിപികൾ തിരിച്ചറിഞ്ഞ്മറ്റുള്ളവരുടെസഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.<br>🌸 കുട്ടികൾ തങ്ങളുടെആശയങ്ങൾ പങ്കിട്ട്ചെറുകഥാപുസ്തകംരൂപപ്പെടുത്തുന്നു.<br>🌸 പ്രവർത്തന ലക്ഷ്യങ്ങൾ<br>🌸 ആത്മവിശ്വാസത്തോടെസ്വതന്ത്ര വായനയ്ക്ക്അവസരം ഒരുക്കുന്നു.<br>🌸 സർഗ്ഗശേഷികൾ കൈവരിക്കുന്നു.<br>🌸 പശയംഗ്രഹിച്ച്മറ്വ്യവഹാര രൂപങ്ങളിലേക്ക്മാറ്റുന്നതിന്സാധ്യതകൾ ഒരുക്കുന്നു. | മലയാളംമധുരംപ്രവർത്തനങ്ങൾ.<br>🌸ഭാഷാവികസനത്തിന്അവസരംഒരുക്കുന്നു.<br>🌸സംയുക്ത ഡയറിഎഴുത്ത്തുടരുന്നു.<br>🌸പാഠപുസ്തകത്തിലെരചനകൾ ഭാവാത്മകമായിഅവതരിപ്പിക്കുന്നു.<br>🌸ഭാഷ ശേഷിവർദ്ധിപ്പിക്കുന്നതിനായിഅക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ<br>🌸എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.<br>🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യരചനകൾ നടത്താൻ കൈത്താങ്ങ്നൽകുന്നു.<br>🌸ഭാവാത്മക വായനയിലേക്ക്കുട്ടികളെനയിക്കുന്നു.<br>🌸ആശയ ഗ്രഹണത്തിലൂടെവ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് | ക്ലാസ് അദ്ധ്യാപിക | ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| 🌸 പാട്ടരങ്ങ്, റീഡേഴ്സ്തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.<br>🌸 കുഞ്ഞു ചിത്ര കഥാപുസ്തകങ്ങൾ സ്വയംനിർമ്മിക്കാൻ പ്രാപ്തിനേടുന്നു..<br>🌸 സ്വന്തമായിഎഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനുംശേഷിയുള്ളവരായിതീരുന്നു.<br>🌸 രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെനിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട്സചിത്രപുസ്തകംതയ്യാറാക്കുന്നു.<br>🌸 രക്ഷിതാവിന്റെയും അധ്യാപകരുടെയുംസഹായത്തോടെസംയുക്ത | 🌸 സംയുക്ത ഡയറിമെച്ചപ്പെടുത്താൻ അവസരംഒരുക്കുന്നു.<br>🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന്അവസരംഒരുക്കുന്നു.<br>🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെസംയുക്ത ഡയറിമെച്ചപ്പെടുത്തുന്നു.<br>🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനംസ്വായത്തമാക്കാൻ അവസരംഒരുക്കുന്നു.<br>🌸 വ്യക്തിഗതമായ രചനകൾക്ക്അവസരംഒരുക്കുന്നു.<br>🌸 കുട്ടികളെസ്വതന്ത്ര രചയിതാക്കളുംവായനക്കാരുമായിമാറ്റുന്നു.<br><br>🌸വായനോത്സവംസംഘടിപ്പിക്കുന്നു.<br>🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.<br>🌸 ചിത്ര വായനയ്ക്ക്അവസരംഒരുക്കുന്നു. | സെപ്റ്റംബർ | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| ഡയറിമെച്ചപ്പെടുത്തുന്നു. | 🌸<br>രചനോത്സവത്തിന്റെഭാഗമായികുട്ടികളുടെസ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.<br>🌸 ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവുംസജീവവുമാകുന്നു.<br>🌸കുട്ടിക്കവിതകൾ വായിച്ച്ആസ്വദിക്കുകയുംഒറ്റയ്ക്കുംസംഘമായുംഅവതരിപ്പിക്കുകയുംചെയ്യുന്നു.<br>🌸 ഭിന്ന നിലവാരക്കാരെപരിഗണിച്ച്ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണംചെയ്തു നടത്തുന്നു.<br><br>🌸 സംയുക്ത ഡയറിഎഴുത്ത്കൂടുതൽ മെച്ചപ്പെടുത്തിസ്വതന്ത്ര രചയിതാക്കൾ ആകുന്നു.<br>🌸 കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെപ്രോത്സാഹിപ്പിക്കൽ.<br>🌸<br>വായനോത്സവംതുടങ്ങുന്നു<br>🌸 രചനോത്സവംതുടങ്ങുന്നു | ഒക്ടോബർ | ക്ലാസ് അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | 🌸<br>പത്രവായനയ്ക്ക്അവസരംഒരുക്കൽ.<br>🌸<br>താളാത്മകമായികവിതകൾ ചൊല്ലൽ.<br><br>🌸സംയുക്ത ഡയറിയിൽ കുട്ടിഎഴുത്ത്കൂടുതലാക്കുന്നു.<br>🌸 ചിത്ര വായന നടത്തുന്നു.<br>🌸ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച്പരസ്പരംസഹായിച്ച്കൂട്ട വായന നടത്തുന്നു<br>🌸 ചെറുകഥകൾ പങ്കിട്ട്കുട്ടികളെസ്വതന്ത്ര വായനക്കാരാക്കുന്നു.<br>🌸<br>നവമാധ്യമങ്ങളിലൂടെചിത്രങ്ങൾ പങ്കിട്ട്ചിത്രത്തിന്ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രംവരയ്ക്കുന്നു.<br>🌸 ദൈനംദിന അനുഭവങ്ങൾ വാർത്ത | നവംബർ | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | രൂപത്തിൽ<br>തലക്കെട്ട്എഴുതുന്നു.<br>🌸<br>ക്ലാസ്സ്പത്രംരൂപപ്പെടുത്തുന്നു.<br><br>🌸 ഭാഷാപ്രവർത്തനങ്ങൾ<br>വ്യത്യസ്തവുംകൗതുകകരവു<br>മായിഅവതരിപ്പിക്കും<br>🌸 രചന<br>ശേഷിപരിപോഷിപ്പിക്കൽ.<br>🌸 ദൈനംദിന<br>അനുഭവങ്ങൾ തെറ്റില്ലാത്ത<br>ഭാഷയിൽ എഴുതുന്നു.<br>🌸<br>രണ്ടോമൂന്നോപേരടങ്ങുന്നു<br>ചെറു<br>ഗ്രൂപ്പുകളായിതിരിഞ്ഞ്പരസ്പ<br>ര<br>സഹായിച്ച്കൂട്ടെഴുത്ത്നട<br>ത്തുന്നു.<br>🌸 ലഘു കവിതകൾ കഥകൾ<br>എന്നിവ എഴുതാൻ<br>ശ്രമിക്കുന്നു.<br>🌸 കണ്ടതുംകേട്ടതുംആയ<br>കാര്യങ്ങൾ<br>ആശയംചോർന്നുപോകാതെ | | ക്ലാസ്<br>അദ്ധ്യാപി<br>ക | |

| | | | | |
|---|---|---|---|---|
| | പറയാനുംഎഴുതാനുംകഴിയുന്നു.<br>🌸സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച്ആശയപൂർണ്ണതയോടെഎഴുതാൻ കഴിവ്നേടിരചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>🌸പരസ്പരംപിന്തുണ ഉറപ്പിച്ച്കൂട്ടെഴുത്ത്പരിപോഷിപ്പിക്കുന്നു.<br>🌸സംയുക്ത ഡയറികൂടുതൽ മെച്ചപ്പെടുത്തുന്നു.<br><br>🌸 കുട്ടികളെഎഴുത്തിന്റെലോകത്തിലേക്ക്എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.<br>🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച്കുട്ടികളെസ്വതന്ത്ര വായനക്കാരാക്കുന്നു. | ഡിസംബർ | ക്ലാസ് അദ്ധ്യാപിK | |

| | | | | |
|---|---|---|---|---|
| | 🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെപ്രകാശനം.<br>🌸സംയുക്ത ഡയറിയിലെഓരോകുട്ടിയുടെയുംമികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..<br>🌸 കുട്ടികളുടെസർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.<br>🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായിവായിക്കുന്നതിനുള്ള അവസരംഒരുക്കുന്നു.<br>🌸കുട്ടികളുടെസ്വതന്ത്ര രചനകൾ ചേർത്ത്കുഞ്ഞെഴുത്ത്പുസ്തകംതയ്യാറാക്കുന്നു.<br>🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.<br><br>🌸 ഭാഷോത്സവംരചനോത്സവം | ജനുവരി<br><br>ഫെബ്രുവരി | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | എന്നീഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.<br>🌸 കുട്ടികളുടെരചനകൾ മാഗസിൻ ആക്കുന്നു.<br>🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായിവായിക്കുന്നതിനുംഎഴുതുന്നതിനുംഅവസരംഒരുക്കുന്നു.<br>🌸 ആശയ പൂർണ്ണതയോടെതൽസമയ രചനകൾ നടത്തുന്നു.<br>🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെപ്രാതിനിധ്യംഉറപ്പാക്കുന്നു.<br>🌸 സ്വന്തമായിരചനകൾ നടത്തികുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.<br>🌸 ആശയ പൂർണ്ണതയോടെതൽസമയ രചനകൾ നടത്തുന്നു.<br>🌸 കുട്ടികളുടെമികവുകൾ സമൂഹത്തിനുംമുന്നിൽ പ്രകടിപ്പിക്കുന്നു. | | ക്ലാസ് അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | 🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കിപ്രകാശനംചെയ്യുന്നു.<br>🌸വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക്പ്രോത്സാഹനംഒരുക്കുന്നു.<br>🌸<br>ഓരോകുട്ടിക്കുംഓരോപതിപ്പുകൾ. | മാർച്ച് | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | | | | |

# MATHEMATICS

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 🌸 ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.<br>🌸 അഞ്ചു വരെയുള്ള എണ്ണത്തെപകുതിതുല്യംകൂടുതൽ കുറവ്എന്നിങ്ങനെവിശദീകരിക്കുന്നു.<br>🌸 അഞ്ചുവരെയുള്ള സംഖ്യകളെവ്യാഖ്യാനിക്കുന്നു.<br>🌸 ഒരക്ക സംഖ്യകൾ എണ്ണിഎടുക്കുന്നു, എഴുതുന്നു, വായിക്കുന്നു. | 🌸 സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.<br>🌸 സംഖ്യാകാർഡ്നിർമ്മിക്കൽ.<br>🌸 ഗണിത പഠനത്തിന്സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച്ഗണിതക്കിറ്റ്തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ | ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| 🌸 ഒമ്പതിൽ താഴെവരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട്എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യകിട്ടുംഎന്ന്കണ്ടെത്തിപറയുന്നു.<br>🌸 സംഖ്യകളെആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.<br>🌸 രണ്ട്ഒരൊക്ക സംഖ്യകളുടെസങ്കലനം.<br>🌸 രണ്ട്ഉറക്ക സംഖ്യകളുടെവ്യവകലനം.<br>🌸 ഒരക്ക സംഖ്യകളുടെവ്യാഖ്യാനം.<br>🌸 ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയുംഎഴുതുകയുംവായിക്കുകയും ചെയ്യുന്നു. | 🌸 സംഖ്യാകാർഡ്തയ്യാറാക്കുന്നു.<br>🌸 ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.<br>🌸 കൂടുതൽ, കുറവ്തിരിച്ചറിയുന്നു.<br>🌸 ഗണിത കിറ്റിലെസാധനങ്ങൾ ഉപയോഗിച്ച്ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>🌸 സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.<br>🌸 ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ. | ഓഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| 🌸 ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.<br>🌸 ഒരക്ക സംഖ്യയുംരണ്ടക്ക സംഖ്യയുംഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണംചെയ്യുന്നതിനുള്ള കഴിവ്നേടുന്നു. | 🌸 ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.<br>🌸 ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യകിട്ടുംഎന്ന തിരിച്ചറിവ്.<br>🌸 സംഖ്യാഗാനങ്ങൾ ആലപിക്കൽ. | ഒക്ടോബർ | ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക<br>ക്ലാസ് അദ്ധ്യാപിക | |
| | 🌸 ഒറ്റ സംഖ്യ, ഇരട്ടസംഖ്യതിരിച്ചറിയൽ.<br>🌸 ഒന്നിടവിട്ട സംഖ്യകളാണ്ഒറ്റസംഖ്യ, ഇരട്ടസംഖ്യഎന്ന്തിരിച്ചറിവ്.<br>🌸 വലിയ സംഖ്യചെറിയ സംഖ്യതിരിച്ചറിയൽ.<br>🌸 ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ. | നവംബർ | ക്ലാസ് അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | 🌸 സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു<br>🌸 ഒരക്ക സംഖ്യയുംരണ്ടക്കസംഖ്യയുംതമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>🌸 സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ<br>🌸 ഗണിത ആൽബംതയ്യാറാക്കൽ | ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച്. | ക്ലാസ് അദ്ധ്യാപിക | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | 🌸 ഒരക്ക സംഖ്യയുംരണ്ടക്കസംഖ്യയുംതമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>🌸 സങ്കലനം, വ്യവകലനംചിഹ്നങ്ങൾ തിരിച്ചറിയുന്നു.<br>🌸 ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെവ്യാഖ്യാനിക്കുന്നു.<br><br>🌸 ഗണിത ആൽബംപിടിഎയിൽ പ്രദർശിപ്പിക്കുന്നു.<br>🌸 വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br><br>🌸ഗണിതാശയവുമായിബന്ധപ്പെട്ട | | | ക്ലാസ് അദ്ധ്യാപിക, പി ടി എ ,ഹെഡ്മാസ്റ്റർ |

| | | | | |
|---|---|---|---|---|
| | വർക്ക്ഷീറ്റുകൾ കമ്പ്ലീറ്റ്ചെയ്യുന്നു.<br>🌸 ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.<br>🌸 ഉല്ലാസഗണിതംപ്രവർത്തനങ്ങൾ.<br>🌸 സംഖ്യകളുടെപകുതി തുല്യംഎന്നിവ തിരിച്ചറിയുന്നു. | | | |
| | | | | |

# ENGLISH

| Objectives and learning outcomes | PROCESS | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 🌸 Respond to simple instructions in the classroom.<br>🌸 Describe orally about the pictures and objects.<br>🌸 Familiarise with simple words.<br>🌸 Enjoy songs and sings them with Rhythm and action.<br>🌸 Familiarise the names of birds, animals, their young ones and identifies them from pictures. | 🌸 Introduce symbol words.<br>🌸 Provides picture cards.<br><br>🌸 Identify familiar words.<br>🌸 Say familiar words.<br>🌸 Read familiar words.<br>🌸 Write familiar words.<br><br>🌸 Enjoy songs and sings them with Rhythm and action.<br>🌸 Describes orally about pictures and objects using adjectives | June<br><br>July<br><br>August | Teacher, PTA<br><br>Teacher, PTA<br><br>Teacher, PTA | PTA, CLASS TEACHER, HEADMASTER |

| | | | | |
|---|---|---|---|---|
| | 🌸 Read and write simple words and Simple sentences<br>🌸 Provides picture cards and reading cards. | September | Teacher, PTA | |
| | 🌸 Introduce symbol picture descriptions.<br>🌸 Make word chain, sentence chain.<br>🌸 Make riddles.<br>🌸 Describing words, rhyming words.<br>🌸 Text book activities. | October | Teacher, PTA | |
| | 🌸 Prepare reading cards.<br>🌸 Provide more opportunities to read, right and speak English.<br>🌸 Writes five English words daily. | November | | |

| | | | | |
|---|---|---|---|---|
| | 🌸 Read and understand simple instructions in the classroom.<br>🌸 Encourage digital reading. | December | Teacher, PTA | |
| | 🌸 Enjoy songs and sings them with Rhythm and action.<br>🌸 Make picture albums.<br>🌸 Collect pictures of animals and its young ones. | January | Teacher, PTA | |
| | 🌸 provide the opportunity to express myself in the classroom.<br>🌸 English assembly once in a week. | February | Teacher, PTA | |

| | | | | |
|---|---|---|---|---|
| | 🌸 Speaks English fluently.<br>🌸 Read and write simple sentences<br>🌸 Picture reading and picture description. | March | Teacher , PTA | |

ക്ലാസ്സ് : 2
മേഖല : അക്കാദമികം
ഉപമേഖല : ഭാഷ (മലയാളം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | ⭕ചിത്രങ്ങൾ അടങ്ങിയ അക്ഷരക്കാർഡുകൾ പ്രയോജനപ്പെടുത്തൽ<br>⭕ ചിത്രവായന<br>⭕ വായന കാർഡുകൾ പ്രയോജനപ്പെടുത്തൽ<br>⭕കുട്ടിക്കഥകൾ, കവിതകൾ എന്നിവ പ്രദർ ശിപ്പിക്കൽ ICT<br>⭕ അക്ഷരകാർഡുകൾ നൽകി വാക്കുകൾ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ | SRG, PTA |
| മികച്ച ആശയവിനിമയ ശേഷി സ്വായത്തമാക്കൽ | ⭕റിഡേഴ്സ് തിയേറ്റർ<br>⭕ പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ കുട്ടികൾക്ക് അവരുടേതായ ശൈലിയിൽ അവതരിപ്പിക്കാൻ അവസരങ്ങൾ സൃഷ്ടിക്കുന്നു<br>⭕ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ചർച്ചക്കുള്ള അവസരം ലഭ്യമാക്കുന്നു | എല്ലാ ആഴ്ചയും | ക്ലാസ്ടീച്ചർ | |
| എല്ലാ കുട്ടികളിലും സർഗാത്മകത വളർത്തിയെടുക്കൽ | ⭕വ്യത്യസ്ത ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ ഓരോരുത്തരുടേയും കഴിവുകൾ തിരിച്ചറിയുന്നു.ചിത്രരചനക്കും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിനും അവസരം<br>⭕രചനോത്സവം-കുട്ടിക്കവിതകൾ, കഥകൾ എന്നിവ സംഭാഷണം, വിവരണം തുടങ്ങിയവ രചിക്കാനുള്ള അവസരം ഒരുക്കുന്നു<br>⭕അരങ്ങത്തേക്ക്- അഭിനയിക്കാനുള്ള അവസരങ്ങൾ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

STD : 2

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉറപ്പുവരുത്തുക (ആയിരം വരെ) | സംഖ്യാ കാർഡുകൾ പ്രദർശിപ്പിക്കുന്നു. എണ്ണൽ സംഖ്യകൾ, ചിത്രകാർഡുകൾ പ്രയോജനപ്പെടുത്തുന്നു എണ്ണം വസ്തു ബന്ധിതമായി അറിയാൻ മഞ്ചാടി, പുളിങ്കുരു തുടങ്ങിയവ പ്രയോജനപ്പെടുത്തുന്നു എല്ലാ കുട്ടികൾക്കും ഗണിതകിറ്റ്. ഭിന്ന നിലവാരക്കാർക്ക് അനുയോജ്യമായ ക്ലാസ്റൂം പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ - ഓഗസ്റ്റ് | ക്ലാസ്സ്ടീച്ചർ | SSA ,PTA |
| സംഖ്യകളുടെ സങ്കലനം,വ്യവകലനം എന്നിവ ചെയ്യാനുള്ള കഴിവ് | ഡൈസ് ഡൊമിനോ, ടൺ ഫ്രെയിം തുടങ്ങിയവ ഉപയോഗിച്ച് കളിയിലൂടെ ഗണിത പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്തംബർ-ഒക്ടോബർ | ക്ലാസ്സ്ടീച്ചർ | |
| ചതുഷ് ക്രിയകൾ, സംഖ്യാബോധം | ഗണിത കേളികൾ , വർക്ക്ഷീറ്റ്, ജാമിതീയ രൂപങ്ങൾ നിർമ്മാണം, ജിഗ് സോപസ്സിൽ തുടങ്ങിയ പ്രവർത്തനങ്ങൾ | നവംബർ - മാർച്ച് | ക്ലാസ്സ്ടീച്ചർ | |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം, കുസൃതി കണക്കുകളും ഗണിത പസിൽ എന്നിവ പരിചയപ്പെടുത്തൽ ഗണിത ക്യാമ്പ് (ഗണിത കളികളിലൂടെ) | മൂന്ന് മാസത്തിലൊരിക്കൽ | SRG ക്ലാസ് ടീച്ചർ | |

STD : 2

മേഖല : അക്കാദമികം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ചുറ്റുപാടുകളെ നിരീക്ഷിച്ചും താരതമ്യം ചെയ്തും നിഗമനത്തിൽ എത്താനുള്ള കഴിവു നേടൽ | * ഫീൽഡ് ട്രിപ്പ്,<br><br>പ്രകൃതി നടത്തം<br><br>* ലഘു പരീക്ഷണങ്ങൾ<br><br>ശാസ്ത്ര ക്വിസ്<br><br>* ശേഖരണങ്ങൾ | *<br>വർഷത്തിൽ രണ്ടു തവണ<br>* | ക്ലാസ്സ്ടീച്ചർ<br><br>CRG | SRG<br>PTA |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് . | * ശുചിത്വ സർവ്വേ<br><br>* പോസ്റ്റർ രചനാ മത്സരങ്ങൾ<br><br>* അവതരണം | മാസത്തിൽ ഒന്ന്,<br>* ജൂൺ, ജൂലൈ, ഓഗസ്റ്റ് | | |

STD : 2
ENGLISH

| Objectives | Activities | Responsibility | Time | Economy |
|---|---|---|---|---|
| Recognizing and writing capital and small letters<br><br>- Developing language skills through meaningful conversation. | Showing picture cards and asking questions related to them.Write the words related to the picture<br><br>Allowing children to express their thoughts freely.<br>- Using simple sentences to communicate.<br>- Encouraging children to speak short English sentences. | Class teacher | June<br><br>June-July August | CRG<br><br>SRG |
| Practising letters and picture reading | - *My Own Dictionary*: Collect words with pictures and write them.<br>- Activity: One word – One picture | | September - December | |
| Familiarizing simple English words and sentences | - *Simple Conversation*: Greetings, asking names, and short Q&A.<br>- Making children speak in short English sentences. | | | |
| Familiarizing songs, stories, and simple games | - introducing Simple conversations, songs, games<br>- Framing simple sentences.<br>- Picture reading and description.<br>- Self-introduction.<br>- *Riddle Making in English* | | January-February | |

| അക്കാദമികമാസ്റ്റർപ്ലാൻ<br>ക്ലാസ്സ് -3 | | വിഷയം - മലയാളം | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യ ങ്ങൾ സാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായിപ്രയോഗിക്കും . | കനകച്ചിലങ്ക<br>നാടൻ പാട്ടുകൾ ശേഖരണം ( വായ്ത്താരികൾ )<br>പഴഞ്ചൊല്ലുകൾ ശേഖരണം<br>കഥാ ശേഖരണം ക്ലാസ് ലൈബ്രറി നവീകരണം<br>നാടൻപാട്ടിലെയും കവിതയിലെയും താളം.<br>കഥോത്സവം കഥകൾ ശേഖരണം കടങ്കഥകൾ ശേഖരണം കടങ്കഥ പാട്ടുകൾ കടങ്കഥ പതിപ്പ് കടങ്കഥ പയറ്റ്<br>കലാരൂപങ്ങൾ വേഷവിധാനം ചിത്ര ശേഖരണം വീഡിയോ ആൽബം പാവനാടകം | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ<br>പിടിഎ/ എസ് ആർ ജി |
| കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.<br>രചനകൾ ഭാവാത്മകമായി അവതരിപ്പിക്കും. | ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കുന്നു.<br>റോൾപ്ലേ അവതരണം<br>ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം<br>പലഹാരമേള പാചകക്കുറിപ്പ് തയ്യാറാക്കൽ<br>കത്തുകൾ മാതൃകകൾ സി പി ടി എ പലഹാര പ്രദർശനം | ഓഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ എസ് ആർ ജി |
| ആസ്വദിച്ച ഭാഷ ഘടകങ്ങൾ( കഥ കവിത കടങ്കഥ നാടൻ പാട്ട് മുതലായവ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും ലഘുവായ സർഗാത്മക രചനകൾ നടത്തും ( | മനുഷ്യന്റെ കൈകൾ കൃഷിയിടംവീഡിയോ<br>കൃഷിപ്പാട്ടുകൾ കൃഷി ചൊല്ലുകൾ അവതരണം<br>കുട്ടിക്കളികൾ കുട്ടിക്കാലത്തെ അനുഭവ വിവരണം പതിപ്പ് നാടൻപാട്ട് | ഒക്ടോബർ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| കവിത കഥ ഡയറി ചിത്രം) | | | |
| ലഘുവായ സർഗാത്മക രചനകൾ നടത്തും കഥ കവിത ഡയറി ചിത്രം | അപ്പൂപ്പൻ താടി ചോദ്യോത്തരം പാട്ടുകൾ ചൊല്ലി അവതരിപ്പിക്കൽ<br>വേനൽഅനുഭവക്കുറിപ്പ്<br>വേനൽചിത്രങ്ങൾ മഴ ചിത്രങ്ങൾ വരക്കൽ<br>മഴക്കവിതാരചന<br>ചിത്രത്തിൽ നിന്ന് വിവരണം<br>രൂപപ്പെടുത്തൽ ഹോം ടൂർവീഡിയോ തയ്യാറാക്കൽ<br>റോൾ പ്ലേ<br>യാത്രാനുഭവ വിവരണം തയ്യാറക്കൽ | നവംബർ<br>ഡിസംബർ | ക്ലാസ്സ് ടീച്ചർ<br>***SRG***<br>***PTA*** |
| കഥകളെയും കവിതകളെയും മറ്റും നാടകം പാവനാടകം ചിത്രീകരണം റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും | നമ്മളെന്ന്<br><br>പോസ്റ്റർ. തയ്യാറാക്കൽ<br>പകരം പദം കണ്ടെത്തി<br>സംഭാഷണം തയ്യാറാക്കൽ<br>കഥയെ മാറ്റിയെഴുതൽ<br>അനുഭവ കുറിപ്പ് എഴുതൽ | ജനുവരി | ക്ലാസ്സ് ടീച്ചർ<br>***SRG*** |
| ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും വിവരണം , സംഭാഷണം | മാനത്തോളം<br>കഥ ചിത്രീകരിക്കൽ<br>കത്ത് തയ്യാറാക്കൽ<br>തീയേറ്റർ വായന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br>അനുഭവകുറിപ്പ് തയ്യാറാക്കൽ<br>ശാസ്ത്ര കഥകൾ വായന<br>അറിയിപ്പ് തയ്യാറാക്കൽ<br>ഭാവാത്മകമായി വായിക്കൽ<br>പകരം പദംസമാന പദം എന്നിവ കണ്ടെത്തി പ്രയോഗിക്കൽ | ഫെബ്രുവരി<br>മാർച്ച് | ക്ലാസ്സ് ടീച്ചർ<br>***SRG*** |
| | | | |
| | | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ | | | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| യുക്തിചിന്ത, വിശകലനാത്മക ചിന്ത പ്രശ്നപരിഹാരം എന്നീ ശേഷികൾകുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ് അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജാമിതി പ്രയോജനകരമാണ് 2000 വരെയുള്ള സംഖ്യകൾ പറയുക വായിക്കുക എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും ലക്ഷ്യമിടുന്നു | ജാമിതീയ രൂപങ്ങൾ വരയ്ക്കാം യൂണിറ്റ് വൺ ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ തോണി നിർമ്മാണം വെജിറ്റബിൾ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു | ജൂൺ-ജൂലായ് | Class Teache<br>SRG<br>PTA |
| മൂന്നക്കസംഖ്യകൾ ഉൾക്കൊള്ളുന്ന പ്രായോഗികങ്ങൾ വിശകലനം ചെയ്തു നിർദ്ധാരണം ചെയ്യുന്നതിനുള്ള ശേഷി നേടുക രണ്ട് മൂന്ന് സംഖ്യകളുടെ സംഘടന ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുക സന്ദർഭാനുസരണംസംഖ്യകളെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതി സംഘടന ഉപയോഗിച്ച് നിർദ്ധാരണം ചെയ്യുക | ഗണിത കിറ്റ് ഒന്നു മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ കമ്പുകൾ സംഖ്യാ നിർമ്മാണം നമ്പർ റിബ്ബൺ | ജൂലായ് - ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ |
| മനഗണിതത്തിനുള്ള പ്രാധാന്യം നൽകിയിട്ടുള്ള | പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം | ആഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ<br>PTA |

| | | | |
|---|---|---|---|
| പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | | | |
| നീളം അളക്കുന്നതിനുള്ള ഏകകം തിരിച്ചറിയുന്നതിന്<br><br>(സെ.മീ, മീറ്റർ എന്നിവ പരിചയപ്പെടാനുള്ള അവസരം )<br>scale, Tap എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കുന്നതിനുള്ള അവസരം<br>അളവുകൾ ഊഹിച്ച് പറയുന്നതിന്, നീളം കൃത്യമായി അളക്കുന്നതിനുമുള്ള അവസരങ്ങൾ | Scale - നിർമ്മാണം<br>കുട്ടികളുടെ ഉയരം, വണ്ണം, ഭാരം<br>ക്യാമ്പ് | ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>PTA |
| 9വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കൽ | ഗുണന വസ്തുത കാർഡ് നിർമ്മാണം<br>പാറ്റേൺ പൂർത്തിയാക്കൻ<br>പട്ടിക പൂർത്തിയാക്കൽ | നവംബർ<br>ഡിസംബർ | ക്ലാസ്സ് ടീച്ചർ |
| ഹരണക്രിയയെ ഗുണന വസ്തുതയുമായി ബന്ധപ്പെടുത്തി നിർദ്ധാരണം ചെയ്യൽ | ഹരണവുമായി ബന്ധപ്പെട്ട് ലഘു പ്രായോഗിക പ്രശ്നങ്ങൾ<br>മഞ്ചാടിക്കളി<br>പൂക്കളുണ്ടാക്കാം | ജനുവരി | ക്ലാസ്സ് ടീച്ചർ<br>SRG |
| 1കിലോഗ്രാം വരെയുള്ള അളവുകൾ ഊഹിക്കൽ, അളക്കൽ | വിവരങ്ങൾ തരം തിരിച്ച് പട്ടിക പ്പെടുത്തൽ<br>ചിത്രരൂപത്തിലുള്ള വിവരങ്ങൾ പട്ടിക പ്പെടുത്തൽ<br>അളവുപാത്രങ്ങൾ ഉണ്ടാക്കൽ<br>ത്രാസ്, ഭാര കട്ടി നിർമ്മാണം<br>പസിൽ ശേഖരണം<br>ചിത്രവായന | ഫെബ്രുവരി<br>മാർച്ച് | ക്ലാസ്സ് ടീച്ചർ<br>PTA<br>SRG |

| Acadamic Master Plan . class-3 | | Subject - Environmental Science | |
|---|---|---|---|
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസം | ചുമതല |
| നമ്മുടെ ചുറ്റുപാടുകളെ കുറിച്ച് കുട്ടികളിൽ കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക നല്ല ബോധം ഉണ്ടാക്കുക ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം പ്രകൃതി നടത്തം | പ്രീ ടെസ്റ്റ്( പ്രകൃതി നടത്താം പാടം സ്കൂൾ പരിസരം) വിത്ത് മുളപ്പിക്കൽ ദിനാചരണം വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്ന ഹരിതക്കാട് നിർമ്മാണം വ്യത്യസ്തതരം ജീവികളെ നിരീക്ഷണം ചിത്രശേഖരണം മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക | ജൂൺ-ജൂലായ് | ക്ലാസ് ടീച്ചർ<br>SRG<br>PTA |
| ശാസ്ത്രബോധം വളർത്തുക ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കുക വ്യക്തി ശുചിത്വം | മഴക്കുഴി നിർമ്മാണം ജലസംരക്ഷണ പോസ്റ്റർ മഴമാപിനി നിർമ്മാണം വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ മണ്ണുകൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ വെള്ളം സ്രോതസ്സുകൾ സംരക്ഷണം ആശയപടം തയ്യാറാക്കൽ കൈകൾ പരിശീലനം പോസ്റ്റർ നിർമ്മാണം സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധയിടങ്ങളിൽ ശുചിത്വ ക്ലബ് ആരോഗ്യ ബോധവൽക്കരണം സെമിനാ ർ | ആഗസ്റ്റ് - സെപ്റ്റംബർ | ക്ലാസ് ടീച്ചർ<br>SRG |
| ശരിയായ ഭക്ഷണശീലം പാലിക്കൽ റോഡ് സുരക്ഷാ നിയമങ്ങൾ മനസ്സിലാക്കുന്നു | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ വർഷം മുഴുവനും ഫീൽഡ് ട്രിപ്പ് പഴം പച്ചക്കറിക്കട എന്റെ | ഒക്ടോബർ-നവംബർ | ക്ലാസ്സ് ടീച്ചർ<br>SRG<br>PTA |

| | | | |
|---|---|---|---|
| | ആരോഗ്യക്കാരുടെ ഓരോ കുട്ടിക്കും ബിഎംഐ കാണുന്നു സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ ശരിയായ ഭക്ഷണശീലം പോസ്റ്റർ ആരോഗ്യ വിദഗ്ധരുടെ വീഡിയോസ് നിയമങ്ങൾ ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ സ്വയം സുരക്ഷ പത്ര കട്ടിംഗ് ചർച്ച ബോധവൽക്കരണം | | |
| ഭൂമിയെ കുറിച്ച് അറിയുന്നതിന് ദേശീയ പതാക ദേശീയ ചിഹ്നങ്ങൾ ജില്ലകൾ എന്നിവ തിരിച്ചറിയൽ | നമ്മുടെ ഭൂമി<br><br>പരീക്ഷണങ്ങൾ നിരീക്ഷണ പ്രവർത്തനം ഗ്ലോബൽ ഗ്ലോബനിർമ്മാണം ദേശീയ പതാക വരക്കൽ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ ഭൂപട വായന എന്റെ കേരളം ചിത്രരചന കുറിപ്പ് ചോദ്യോത്തരം ആയിട്ട് ഭൂപ്രകൃതിയെ തിരിച്ചറിയൽ ഗ്ലോബ് മാപ്പ് ജീവികളുടെ കൂടുകൾ ചിത്രശേഖരണം | ഡിസംബർ-ജനുവരി | ക്ലാസ് ടീച്ചർ<br>SRG |
| ജീവികളുടെ താമസ സ്ഥലം പൊതു സ്ഥാപനങ്ങൾ | വീടുകൾ - കൂടുകൾ<br>വ്യത്യസ്ത തരം വീടുകൾ ആൽബം വീട് നിർമ്മാണ ഇട സന്ദർശനം വ്യത്യസ്തതരം ജോലികൾ സർവ്വേ ഇന്റർവ്യൂസ് ആൻഡ് ഫീൽഡ് വിസിറ്റ് പൊതുസ്ഥാപനങ്ങൾ പഠനോത്സവം | ഫെബ്രുവരി<br>മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG<br>PTA |
| | | | |
| | | | |
| | | | |

*ENGLISH - MASTER PLAN*

| ***AIM*** | ***ACTIVITIES*** | ***TIME*** | ***RESPON SiBILITY*** | ***Economy*** |
|---|---|---|---|---|
| ***To speak read and write English without any mistake*** | ***Listening skills***<br>Games,action Songs Hello English Activities<br>Skit .stories , use ICT | ***June - March*** | ***PTA*** | |
| | ***speaking Skills***<br><br>Identify the naming words from the picture<br><br>Identify the action words from the picture<br><br>Making Simple sentences using the word about picture.<br><br>Making Simple Sentences<br><br>Growing Sentences picture reading and self introduction ‘ | Aug - Sep | ***Teachers*** | |
| | ***Reading Skills***<br><br>Book reading find words collect and read past tense Rhyming words TB activities.<br><br>***writing Skills***<br><br>Description Thought | ***Oct - Nov*** | ***SRG*** | |

| | | | | |
|---|---|---|---|---|
| ***Develop the creative Speaking and wrting*** | ***writing diary nnouncement Library book reading Conversation skit stories using ICT Develop stores reads diary Thoughts Exhibition*** | | ***Class Teacher***<br><br>***SRG*** | |
| ***To improve the presentation Power*** | ***Library Books reading***<br><br>***Conversation, Skit , Stories***<br><br>***Develop Stories***<br><br>***Writing Skills***<br><br>***Diary*** Description Thoughts Exhibition | ***Dec- March*** | ***Class Tencher***<br><br>***SRG***<br><br>***PTA*** | |

അക്കാദമിക് മാസ്റ്റർ പ്ലാൻ

Std: 4

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ആഹ്ലാദ പൂർണ്ണമായ വായനാ അനുഭവങ്ങൾ ഒരുക്കൽ | * ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* വായനാക്കുറിപ്പ് തയ്യാറാക്കൽ<br>* വായന അനുഭവങ്ങൾ ക്ലാസ് മുറിയിൽ പങ്കുവെക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി | സ്കൂൾ അസംബ്ലി |
| സർഗാത്മക ലേഖന പ്രവർത്തനങ്ങളിലൂടെ രചനാവൈഭവം മെച്ചപ്പെടുത്തൽ | * സർഗാത്മക ഡയറി<br>* കഥാ,കവിത രചന ശില്പശാലകൾ<br>* പഠന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വ്യവഹാര രൂപങ്ങളുടെ രചന സമാഹാര പതിപ്പുകൾ | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി | സ്കൂൾതല മാഗസിനുകൾ, പതിപ്പുകൾ |
| കവിതകളും പാട്ടുകളും ഈണവും താളവും ഇട്ട് പാടാനുള്ള കഴിവ് വളർത്തിയെടുക്കുക | * അതിഥി ക്ലാസുകൾ<br>* നാടൻ പാട്ട് ശില്പശാല<br>* ഐസിടി സാധ്യതകൾ | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി, പിടിഎ | സ്കൂൾ കലോത്സവം, വാർഷികം, പ്രവേശനോത്സവം, ദിനാചരണങ്ങൾ |
| പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതാനും പ്രകടനങ്ങൾ(performance) നടത്താനുമുള്ള കഴിവ് വളർത്തിയെടുക്കുക | * റോൾപ്ലേ<br>* നാടകീ കരണം<br>* സംഭാഷണം<br>* സ്കിറ്റ്<br>* കൊറിയോഗ്രാഫി<br>* മൂകാഭിനയം<br>* റേഡിയോ നാടകം | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി, പിടി എ | സർഗ്ഗ വേള, കലോത്സവം |

അക്കാദമിക മാസ്റ്റർ പ്ലാൻ

STD-4

വിഷയം-ഗണിതം

*കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • *ഗണിത പഠനം രസകരമാക്കൽ<br>• ചതുഷ്ക്രിയകൾ രസകരമാക്കൽ<br>• | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പാക്കൽ മൂല്യനിർണ്ണയം (ഏണിയും പാമ്പും, ഡയസ് കളി അരവിന്ദ്ഗുപ്ത സ്ട്രിപ്സ്, സങ്കലനം, വ്യവകലനം, ഗുണനം) കച്ചവടക്കളി | • വർഷം മുഴുവൻ | • SRG<br>• ക്ലാസ്സ് ടീച്ചർ | PTA |
| • ഒറിഗാമിയിലൂടെ പഠനം | | | | |
| • ഗണിതശാസ്ത്ര പഠനം രസകരമാക്കൽ -കര ചലന ശേഷി വികാസം | • ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം<br>• ജാമിതീയ രൂപ നിർമ്മാണം<br>▪ | • വർഷത്തിലൊരിക്കൽ( ശാസ്ത്രമേള) | • ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ് | | | | |
| • ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | • വർഷം മുഴുവൻ | • ക്ലാസ് ടീച്ചർ<br>• HM SRG | PTA |
| ഗണിത ചുമർ | | | | |

| | | | | |
|---|---|---|---|---|
| • ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | • വർഷം മുഴുവൻ | • ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| • പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | • ആവശ്യാനുസരണം | • ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള | | | | |
| • ഗണിതശേഷികളുടെ പ്രകടനം | • പ്രശ്നോത്തരി<br>• പസിൽ<br>• പാറ്റേൺ<br>• ഗണിത കേളി<br>• പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | • വർഷത്തിലൊരിക്കൽ | • SRG<br>• ക്ലാസ് ടീച്ചർ | PTA |

അക്കാദമിക് മാസ്റ്റർ പ്ലാൻ
Std :4
EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| നമ്മുടെ പരിസരത്തുള്ള ജൈവവൈവിധ്യങ്ങൾ തിരിച്ചറിഞ്ഞ് ആവാസവ്യവസ്ഥകളും പ്രകൃതിയും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | * ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ<br>* ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കാൽ<br>* പൂന്തോട്ട നിർമ്മാണം<br>* പോസ്റ്റർ നിർമ്മാണം<br>* സസ്യങ്ങളുടെയും ജന്തുക്കളുടെയും ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി, സി പി ടി എ | |
| സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ പ്രാധാന്യവും മൂല്യവും തിരിച്ചറിയുന്ന | * സ്വാതന്ത്ര്യ സമര സേനാനികളുമായുള്ള അഭിമുഖം.<br>* പതിപ്പ് തയ്യാറാക്കൽ<br>* പ്രദർശനങ്ങൾ<br>* ഐസിടി സാധ്യതകൾ<br>* സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രങ്ങൾ, ഡിജിറ്റൽ ആൽബം | ജൂലൈ ആഗസ്റ്റ് | എസ്. ആർ ജി, സി പി ടി എ | സ്വാതന്ത്ര്യദിനാഘോഷം |
| പൊതു സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ എന്നിവ തിരിച്ചറിയുന്നു. പൊതുമുതലുകളുടെ സംരക്ഷണം നമ്മുടെ ഉത്തരവാദിത്വം എന്ന് തിരിച്ചറിയുന്നു. | * പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ, സ്ഥാപനമേധാവിയുമായി അഭിമുഖങ്ങൾ.<br>* ഫീൽഡ് ട്രിപ്പ് | സെപ്റ്റംബർ ഒക്ടോബർ നവംബർ | എസ് ആർ ജി പി ടി എ | |

| | | | | |
|---|---|---|---|---|
| വാർത്താവിനിമയ സംവിധാനങ്ങളുടെ മാറ്റങ്ങളും പ്രാധാന്യവും തിരിച്ചറിയുന്നു | * പ്രദർശനം പഴയകാല- പുതിയകാല ഭർത്താവിനിമയ ഉപകരണങ്ങൾ<br>* പുതിയ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടൽ. | നവംബർ ഡിസംബർ ജനുവരി | എസ് ആർ ജി, സി പി ടി എ | |
| പ്രഥമ ശുശ്രൂഷകൾ തിരിച്ചറിയുന്നു | * അതിഥി ക്ലാസുകൾ | ജനുവരി | എസ് ആർ ജി | |
| ശുചിത്വ വിദ്യാലയം | * വേസ്റ്റ് ബിന്നുകളുടെ കാര്യക്ഷമമായ ഉപയോഗം.<br>* ഡ്രൈഡേ<br>* ആരോഗ്യ ക്ലബ്ബ് പ്രവർത്തനങ്ങൾ. | വർഷം മുഴുവനും | എസ് ആർ ജി, ഹെൽത്ത് ക്ലബ് | എല്ലാദിവസവും |

•

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| • ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം ( വർഷം മുഴുവൻ ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക് ) | | | | |
| • ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന് ദിവസം ( വർഷം മുഴുവൻ ) | ക്ലാസ് ടീച്ചർ | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർതനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| • ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ'. (SKIT, DRAMA , CONVERSATIO N ,STORY TELLING) | | | | |
| • ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചന മികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| • ഇംഗ്ലീഷ് കോർണർ | വായന പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ഒരുക്കൽ , വായന വേള ഒരുക്കൽ, വായന കുറിപ്പ് | | | | |
| പുസ്തക പരിചയം | | | | |
| • ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ) | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC , ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായന മത്സരം, രചന മത്സരം , മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ എൽ.പി അറബിക് - 2025-26

## ജി.എച്ച്.എസ്.കാപ്പ്

## ലക്ഷ്യങ്ങൾ:-

**1.**അറബി അക്ഷരങ്ങളുടെ ഉച്ചാരണം,എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2.ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന,പദനിർമ്മാണം, പദശേഖരണം

3. ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6.ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| **ഉപലക്ഷ്യങ്ങൾ** | **നടപ്പിൽവരുത്താൻ കണ്ടെത്തിയ പരിപാടികൾ** | **പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം** | **പ്രതീക്ഷിത തെളിവുകൾ** | **നിർവ്വഹണ കാലയളവ്** |
|---|---|---|---|---|
| **1**.അക്ഷരവായന<br>**2.** എഴുത്തു രീതി<br>**3.** ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷര കാർഡുകൾ നൽകുന്നു<br>2 അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3 ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5.ICT ഉപയോഗിക്കുന്നു | 1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2 . രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷര പഠനസഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് |
| 1.പദനിർമ്മാണം<br>പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ | 1.രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു | | ആഗസ്റ്റ്<br>സെപ്റ്റംബർ |

| | | | | |
|---|---|---|---|---|
| | നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകുന്നു<br>3.പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു | 2 ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകുന്നു | | ഒക്ടോബർ |
| ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാരവാക്കുകൾ നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസരയു പറഞ്ഞു പരിശീലിക്കാൻ | | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |
| കവിത കേട്ട് ആസ്വദിക്കുന്നു | ചെറിയ കവിതകൾ, കഥകൾ വായിച്ച് അവതരിപ്പിക്കുന്നു കഥാപാത്രങ്ങൾ ഉപചാരമാക്കുക | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു | | ഡിസംബർ മാർച്ച് |
| മാഗസിൻ നിർമ്മാണം | പുതിയ പദങ്ങൾ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയു ം ചെയ്യുന്നു ചിത്രങ്ങൾ വരയ്ക്കാം | ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സര നടത്തുന്നു. | ചിത്രങ്ങൾ, അക്ഷരങ്ങൾ പദങ്ങൾ ഉപചാരവാക്കുകൾ കഥ, കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | ഡിസംബർ മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും | | ജൂൺ മാർച്ച് |

| | | | | |
|---|---|---|---|---|
| | പ്ലക്കാർഡുകൾ നിർമ്മിച്ച് ചെറിയ വിവരങ്ങൾ നൽകുന്നു | സഹായം തേടുന്നു | | |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## U P

അക്കാദമിക മാസ്റ്റർപ്ലാൻ :UP വിഭാഗം 2025-26 വിഷയം: മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
